# തരിസാപ്പള്ളിപ്പട്ടയവും തെക്കുംഭാഗ സുറിയാനിക്കാരും

*റ്റി. ഒ. ഏലിയാസ്*

തരിസാപ്പള്ളിപ്പട്ടയമെന്നും തരിസാപ്പള്ളി ചെപ്പേടെന്നുമൊക്കെ അറിയപ്പെടുന്നതും ആറു തകിടുകളിലായി വട്ടെഴുത്തു ലിപിയിൽ എഴുതപ്പെട്ടിട്ടുള്ളതുമാണിത്. അതിൽ ഒരു തകിടു നഷ്ടപ്പെട്ടുപോയശേഷമുള്ള അഞ്ചുതകിടുകളിൽ മൂന്നെണ്ണം തിരുവല്ലാ പുലാത്തീൻ അരമനയിലും രണ്ടെണ്ണം കോട്ടയം ദേവലോകം അരമനയിലുമുണ്ട്. തരിസാപ്പള്ളിപ്പട്ടയത്തെക്കുറിച്ച് വിശകലനം ചെയ്യുംമുമ്പ് അതെഴുതുവാനുണ്ടായ സാഹചര്യംകൂടി പരിശോധിക്കേണ്ടിയിരിക്കുന്നു.

രണ്ടാം ചേരചക്രവർത്തിമാരുടെ കാലത്ത് കൊല്ലം ഒരു തുറമുഖപട്ടണമാക്കി വികസിപ്പിച്ചെടുക്കുവാൻ ചേരചക്രവർത്തിമാർ അതീവ താല്പര്യം കാട്ടുകയും തന്മൂലം കൊല്ലംകൂടി ഉൾപ്പെടുന്ന ഒരു ലോക ആവാസവ്യവസ്ഥ രൂപപ്പെടുകയും ചെയ്തു. പേർഷ്യൻ ചൈനാ കടൽപ്പാതയിൽ ഇടത്താവളമായിരുന്നു കോറമണ്ഡലംതുറമുഖങ്ങൾ. അവയോടു മത്സരിക്കുവാൻ ചേരരാജ്യത്തിന്റെ തെക്കേ യറ്റത്തുള്ള കൊല്ലംതുറമുഖം ചേരന്മാർ വികസിപ്പിച്ചെടുക്കുകയായിരുന്നു. പ്രാചീനകാലം മുതൽ കേരളത്തിൽ വിദേശവ്യാപാരം ചെയ്യുന്നതു രണ്ടുവർത്തകസംഘങ്ങളായിരുന്നു.

കൊടുങ്ങല്ലൂർ ആസ്ഥാനമായ തെക്കുംഭാഗ സുറിയാനിക്കാരുടെ വർത്തകസംഘമായ മണിഗ്രാമവും ജൂതന്മാരുടെ വർത്തകസംഘമായ അഞ്ചുവണ്ണവും. ഇവ സംഘകാലം മുതൽത്തന്നെ കേരളത്തിന്റെ തുറമുഖപട്ടണങ്ങളിലെല്ലാം പ്രവർത്തനനിരതമായിരുന്നു. ഈ രണ്ടുകൂട്ടർക്കായിരുന്നു വിദേശവാണിജ്യ കുത്തകയുണ്ടായിരുന്നത്.[1] ചോളമണ്ഡലത്തിലെ വർത്തകസംഘങ്ങൾ തുറമുഖനഗരങ്ങളുടെ പേർ ചേർത്തായിരുന്നു അറിയപ്പെട്ടിരുന്നത്. അവയെല്ലാം വെവ്വേറെയുള്ള വർത്തക സംഘങ്ങളായിരുന്നു. എന്നാൽ കേരളത്തിലെ സ്ഥിതി അങ്ങനെയായിരുന്നില്ല. മേല്പറഞ്ഞ രണ്ടുസംഘങ്ങൾക്ക് ചേരസാമ്രാജ്യമൊട്ടാകെയുള്ള കുത്തകയുണ്ടായിരുന്നുവെന്നതിന് ശാസനങ്ങളുടെ ശക്തമായ തെളിവുകളുണ്ട്.

മണിഗ്രാമത്തിന്റെ ഉടമകളായ തെക്കുംഭാഗസുറിയാനിക്കാർക്ക് ക്നായിതൊമ്മൻ ചെപ്പേടിലൂടെ ലോകമാന പെരുംചെട്ടി എന്ന വ്യാപാര കുത്തക ബിരുദവും 72 വീടുപേറുകളും (രാജകീയപദവികൾ) ക്നായിതൊമ്മൻ ചെപ്പേടിലൂടെ നല്കിയിരുന്നു.[2] കൂടാതെ രാജവംശം (വില്ലാർവട്ടം) എന്ന പ്രത്യേക സ്ഥാനവും ചേരചക്രവർത്തിമാർ നല്കി.[3] എന്നാൽ കാലാകാലങ്ങളിൽ പുതിയ ചക്രവർത്തിമാർ ഇവയെല്ലാം പുതുക്കിനല്കേണ്ട രീതി നിലനിന്നിരുന്നു. മുൻചക്രവർത്തി അനുവദിച്ചിരുന്ന അധികാരങ്ങളും അവകാശങ്ങളും വ്യക്തിഗത രാജഭക്തി(Personal loyalty)യിലൂടെ പുതുക്കി നല്കുന്ന രീതി ചരിത്രത്തിലുടനീളം കാണാനാവും. ഉദാഹരണത്തിന് പുതിയ സാമൂതിരി അധികാരമേറ്റാൽ കോഴിക്കോടിന്റെ മേൽക്കോയ്മയിലായിരുന്ന കൊച്ചിരാജാവിനെ അധികാരഭ്രഷ്ടനാക്കുകയും വീണ്ടും അവരോധിക്കുകയും ചെയ്യുന്നൊരു പതിവുണ്ടായിരുന്നു. രണ്ടാം ചേരസാമ്രാജ്യത്തിലെ ശാസനങ്ങളെല്ലാം നല്കിയിട്ടുള്ളത് മുൻപു നല്കിയിരുന്നവയുടെ തുടർച്ചയായിട്ടാണെന്ന് അവയിൽത്തന്നെ രേഖപ്പെടുത്തിയിട്ടുമുണ്ട്.

പേർഷ്യാ ചൈനാ സമുദ്രപാതയുടെ സാമിപ്യം മൂലം കൊല്ലത്തിന് കച്ചവട വളർച്ചയുടെ സാദ്ധ്യത മാത്രമല്ല, ഉപ്പുനിർമ്മിക്കുവാനുള്ള വ്യവസായ സാദ്ധ്യതയുമുണ്ടായി. കടലിൽനിന്ന് കരയുടെ താഴ്ന്നപ്രദേശങ്ങളിലേയ്ക്ക് വേലിയേറ്റ സമയത്തു കയറുന്ന ഉപ്പുവെള്ളത്തെ തടഞ്ഞുനിർത്തിയാൽ അതു വെയിലേറ്റ് വറ്റി ഉപ്പ് ഖനനം ചെയ്യുവാനുതകുന്ന സൗകര്യവും കൊല്ലത്തിന്റെ പ്രത്യേകതയായിരുന്നു. ചൈനയിലേയ്ക്ക്പോകുന്ന കാലികപ്പലുകളിൽ ഉപ്പുകയറ്റി കേവുഭാരം തികച്ചുവിട്ടിട്ടുണ്ടാവണം. ഉപ്പുഖനനം ഒരു വ്യവസായമെങ്കിലും അതു വിദേശവാണിജ്യവുമായി ബന്ധപ്പെട്ടുകിടക്കുന്നതാകയാൽ വിദേശവർത്തക സംഘമായ മണിഗ്രാമവും അഞ്ചുവണ്ണവുമാണ് ഈ ഉപ്പുവ്യവസായം ചെയ്തതെന്നുള്ള സൂചനകൾ തരിസാപ്പള്ളി ചെപ്പേടിലുണ്ട്. ചൈനയിൽ നിന്നു വരുന്ന കപ്പലുകളിൽ ചെമ്പും നാകവും ഉണ്ടായിരുന്നതിനാൽ കേവുഭാരം തികഞ്ഞിരുന്നു. എന്നാൽ തിരികെ പോകുന്ന കപ്പലുകളിൽ ഉപ്പുകയറ്റി കേവുഭാരം തികച്ചിരുന്നിരിക്കണം. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയിലെത്തുന്ന കപ്പലുകൾക്ക് കേവുഭാരം തികയ്ക്കുവാൻ ഉപ്പകയറ്റിവരികയും ഇവിടെ ഉപ്പു ഖനനം നിരോധിക്കുകയും ഒടുക്കം ഖനനം ചെയ്തുള്ള ഉപ്പുസത്യാഗ്രഹം നടത്തുകയും ചെയ്ത സംഭവങ്ങൾ പരിചിതമാണല്ലോ.

പതിനെട്ടാം നൂറ്റാണ്ടുവരേയ്ക്കും 'സുറിയാനി ക്രിസ്ത്യാനികൾ' എന്ന പേരിൽ അറിയപ്പെട്ടിരുന്നതും അതുവരെയുള്ള ലിഖിതങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നതും സിറിയൻ കുടിയേറ്റക്കാരെക്കുറിച്ചാണ്.[4] വിദേശവ്യാപാരം ചെയ്യുന്ന മണിഗ്രാമക്കാരായ തെക്കുംഭാഗ സുറിയാനിക്കാർ അക്കാലത്തു താമസിച്ചിരുന്നത് കൊടുങ്ങല്ലൂരായിരുന്നു, അതുകൊണ്ട് കൊല്ലത്ത് വിദേശവാണിജ്യം ചെയ്യുവാൻ കൊടുങ്ങല്ലൂർനിന്ന് തെക്കുംഭാഗസുറിയാനിക്കാരായ മണിഗ്രാമക്കാരെയും അഞ്ചുവണ്ണക്കാരായ ജൂതന്മാരെയും കൊല്ലത്തുകൊണ്ടുവരേണ്ടിയിരുന്നു. ജൂതന്മാരുടേയും ജൂതക്രിസ്ത്യാനികളുടേയും പാരമ്പര്യത്തിൽ അവർ എവിടെ കുടിപ്പാർപ്പു തുടങ്ങണമെങ്കിലും അവരുടെ സാമൂഹിക ആത്മീയ ജീവിതത്തിന്റെ കേന്ദ്രബിന്ദുവായ പള്ളിയാണ് ആദ്യം പണിയേണ്ടിയിരുന്നത്. ഈ സാഹചര്യത്തിൽ സുറിയാനിക്കാർക്ക് ഒരു പള്ളി സ്ഥാപിക്കുവാൻ സ്ഥലവും അവർക്കു മുന്നമേ നല്കിയിരുന്ന 72 വീടുപേറുകളുടെ സ്ഥിരീകരണവും മറ്റു ചില അവകാശങ്ങളും തരിസാപ്പള്ളിപ്പട്ടയത്തിലൂടെ സുറിയാനികാർക്കു നല്കുകയുണ്ടായി.

പതിനേഴാം നൂറ്റാണ്ടുവരേയ്ക്കും കേരള നസ്രാണികളുടെയും തെക്കുംഭാഗ സുറിയാനിക്കാരുടേയും അത്മീയ നേതൃത്വം നടത്തിയിരുന്നതു സുറിയാനി മെത്രാന്മാരാണ്. പേർഷ്യയിലെ സെലൂക്യയിൽനിന്ന് സുറിയാനി മെത്രാന്മാർ കേരളക്കരയിൽ വന്നുകൊണ്ടിരുന്നു. ഇടക്കാലത്ത് എഡേസ്സായിൽ അഞ്ചാം നൂറ്റാണ്ടിന്റെ ഓടുക്കത്തോടെ സെലൂക്യ ആസ്ഥാനമായ പേർഷ്യൻ കാതോലിക്കാ അന്ത്യോഖ്യയിൽനിന്ന് സ്വത

ന്ത്രമായി. പിന്നീട് സെലുക്യൻ പാത്രിയർക്കീസ് എന്ന് അവർ നാമകരണം ചെയ്യുകയും ചെയ്തു. ഇതിനിടെ അവർ നെസ്തോറിയൻ സ്വാധീനത്തിലുമായി. എങ്കിലും സെലൂക്യയിൽനിന്നു കേരളത്തിൽ വന്ന മെത്രാന്മാർ ഇവിടുത്തെ നസ്രാണികളുടെയും സുറിയാനിക്കാരുടെയും ഇടയിൽ പ്രവർത്തിച്ചത് കേരളക്കരയിൽ നിലവിലുള്ള അന്ത്യോഖ്യൻ വിശ്വാസത്തിലാണ്. അന്ത്യോഖ്യയ്ക്കും എഡേസ്സായിക്കും സെലൂക്യയ്ക്കുമെല്ലാം പൊതുവായി ഉപയോഗിച്ചിരുന്ന പദമാണ് പേർഷ്യയെന്നുള്ളത്. കേരളക്കര ലക്ഷ്യമാക്കി പുറപ്പെട്ടു വന്ന പല മെത്രാന്മാരും പശ്ചിമതീരത്തുള്ള ഏതെങ്കിലുമൊക്കെ പട്ടണങ്ങളിൽ കപ്പലിറങ്ങിയിട്ടുമുണ്ട്. അവർ ഇവിടുത്തെ സുറിയാനിക്കാരേയും കേരള നസ്രാണികളേയും അന്വേഷിച്ചു കണ്ടുപിടിക്കുകയായിരുന്നു. ഈ നീണ്ട അന്വേഷണ യാത്രാവേളയിൽ പലരും മരിച്ചുപോയിട്ടുമുണ്ട്. ആറാം നൂറ്റാണ്ടിൽ ഒരു മെത്രാൻ ഇത്തരത്തിൽ ഉടുപ്പിയിൽ വന്നിറങ്ങിയതായി കോസ്മാസ് ഇൻഡികൊപ്ലുസ്റ്റസിൽ പരാമർശിച്ചുട്ടുണ്ടെന്ന് ലോഗൻ രേഖപ്പെടുത്തിയിട്ടുണ്ട്.[5]

ഒൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മാർ സാബോർ, മാർ ഫ്രോത്ത് എന്ന രണ്ടു മെത്രാന്മാർ അന്ത്യോഖ്യയിൽനിന്നു വന്ന് തെക്കുംഭാഗ സുറുയാനിക്രിസ്ത്യാനികളോടു ചേർന്നു. ഇവർ നെസ്തരാറിയന്മാരല്ലായിരുന്നുവെന്നുവേണം കരുതുവാൻ. പേർഷ്യയിലെ സെലൂക്യ പാത്രിയർക്കീസിനാൽ ഇന്ത്യയിലേയ്ക്കയച്ച മെത്രാന്മാരുടെ പട്ടികയിൽ മാർ സാബോറിന്റെയും ഫ്രോത്തിന്റെയും പേരുകൾ ഇല്ലെന്ന് ഫാ. പ്ലാസിഡ് രേഖപ്പെടുത്തിയിട്ടുണ്ട്[6]. അതിനർത്ഥം ഇവർ എഡേസയിൽ നിന്നോ അന്ത്യോഖ്യയിൽ നിന്നോ അയക്കപ്പെട്ട സുറിയാനിമെത്രാന്മാരാവും.

കേരളക്കരയിലെ നാട്ടുക്രിസ്ത്യാനികളായിരുന്ന നസ്രാണികൾക്കും അവർ ചെയ്ത ആത്മീയ ശുശ്രൂഷയെ മുൻനിർത്തി ഇന്നും അവരുടെ ഓർമ്മദിനം മലങ്കരയാക്കോബായ നസ്രാണികൾ ആചരിക്കുന്നു.[7] കേരളക്കരയിൽ ഒരു നാട്ടുമെത്രാൻ ഉണ്ടാകുന്നതു തന്നെ 17-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലാണ്. ചുരുക്കത്തിൽ മാർ സാബോർ, മാർ ഫ്രോത്ത് എന്നീ രണ്ട് സുറിയാനി മെത്രാന്മാർ കേരളക്കരയിലെ സിറിയൻ കുടിയേറ്റക്കാരായ സുറിയാനിക്കാരുടെയും കേരളനസ്രാണികളുടെയും ആത്മീയ മലദ്ധ്യക്ഷന്മാരായിരിക്കുന്ന ഒൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലാണ് കേരളത്തിന്റെ അന്തർദേശീയ വാണിജ്യ കേന്ദ്രമായി ചേരരാജാക്കന്മാർ കൊല്ലത്തെ ഉയർത്തുന്നത്. ഇക്കാലത്താണ് കൊല്ലത്തെക്കുറിച്ചും ലോകവാണിജ്യ സാംസ്കാരിക ആവാസവ്യവസ്ഥയെക്കുറിച്ചും വെളിച്ചം വീശുന്ന തരിസാപ്പള്ളിപ്പട്ടയം ഉണ്ടാവുന്നത്.

മുൻസൂചിപ്പിച്ചതുപോലെ രണ്ടാം ചേരസാമ്രാജ്യകാലത്ത് കൊറോമണ്ഡലത്തെ തുറമുഖങ്ങളോടു മത്സരിക്കുവാൻ ചേരരാജ്യത്തിന്റെ തെക്കേ അറ്റത്ത് ഒരു തുറമുഖപട്ടണം വികസിപ്പിക്കേണ്ട സാഹചര്യമുണ്ടായി. സംഘകാലാരംഭം മുതൽ കൊടുങ്ങല്ലൂർ ആസ്ഥാനമാക്കി ജൂതക്രൈസ്തവരായ സുറിയാനിക്കാരും ജൂതന്മാരും അവരുടെ മണിഗ്രാമം, അഞ്ചുവണ്ണം, എന്നീ വർത്തകസംഘങ്ങൾവഴി കൊടുങ്ങല്ലൂരിലും മറ്റു കടലോര പട്ടണങ്ങളിലും വിദേശകച്ചവടം ചെയ്യുകയായിരുന്നു. അവരെ കൊല്ലത്തേയ്ക്ക് ആകർഷിച്ച് വിദേശവാണിജ്യം അഭിവൃദ്ധിപ്പെടുത്തുകയെന്നതായിരുന്നു ചേരചക്രവർത്തിമാരുടെ ആവശ്യം. സുറിയാനിക്കാരുടെ കുടിപ്പാർപ്പിന് ഏറ്റവും ആദ്യം ആവശ്യമായത് പള്ളിയാണെന്നു ചരിത്രത്തിലുടനീളം പ്രതിഫലിക്കുന്നു. അതുകൊണ്ട് 'സ്തുതിചൊവ്വാക്കപ്പെട്ടത്' എന്നർത്ഥമുള്ള സുറിയാനിപദമായ തരിസാപ്പള്ളി എന്ന പേരിൽ ഒരു പള്ളിപണിയുവാൻ സുറിയാനിക്കാർക്ക് സ്ഥലവും, അവർക്കു മുൻപു നല്കിയിരുന്ന 72 വിടുപേറുകളും, കച്ചവടസംബന്ധമായ അവകാശങ്ങളും, അധികാരങ്ങളും, പുതുക്കി നല്കുന്ന തരിസാപ്പള്ളിപ്പട്ടയം നല്കുകയുണ്ടായി. കേരള ചരിത്രത്തിന്റെ പരിമിതമായ ലോകത്തിനപ്പുറം പോകുന്നതാണിതിന്റെ പ്രാധാന്യം. പഴയ മലയാളത്തിനു പുറമേ അറബി, പേർഷ്യൻ എന്നീ ഭാഷകളിൽ വട്ടെഴുത്ത്, ഗ്രന്ഥാക്ഷരം, കൂഫിക്, പഹ്‌ലവി,. ഹീബ്രു എന്നീ വ്യത്യസ്ത ലിപികളും ഈ പട്ടയത്തിലുണ്ട്. ജൂതക്രിസ്ത്യാനികളും, മുസ്ലീങ്ങളും ജൂതന്മാരും സൊറാസ്രറ്റിയന്മാരും ഒക്കെ ഇതിൽ പങ്കാളികളാണ്. അന്നത്തെ ലോകവ്യവസ്ഥയുടെ ഒരു പരിച്ഛേദമായിവേണം ഇതിനെ കാണുവാൻ. സ്വീകർത്താവ് തെക്കുംഭാഗ സുറിയാനിക്കാരുടെ മണിഗ്രാമം എന്ന വർത്തകസംഘത്തിനുവേണ്ടി മാർ സാബോർ ഈശോ എന്ന സുറിയാനി മെത്രാനും.

മഹോദയപുരം തലസ്ഥാനമാക്കി കേരളംവാണ രണ്ടാംചേരസാമ്രാജ്യത്തിലെ പെരുമാക്കന്മാരിൽ രണ്ടാമത്തെ രാജാവായ സ്ഥാണുരവിയുടെ കാലത്ത് വേണാട്ടുരാജാവ് അയ്യനടികൾ നല്കിയതാണീപട്ടയം. ക്രിസ്താബ്ദം 844 ൽ സ്ഥാണുരവി വാഴ്ചയേറ്റശേഷം 849 ൽ ഈ പട്ടയം നല്കിയെന്നാണ് ഇളംകുളം കുഞ്ഞൻപിള്ളയുടെ അഭിപ്രായം.

തരിസാപ്പള്ളി എന്നപേരിൽ ഒരു പള്ളിപണിയുന്നതിനു കരമൊഴിവായി കൊല്ലം തുറമുഖത്ത് സ്ഥലവും മുൻപ് നല്കിയിരുന്ന 72 വിടുപേറുകളുടെ പുതുക്കലും കച്ചവടസംബന്ധമായ ചില അവകാശങ്ങളും അധികാരങ്ങളും വ്യവസായ കുത്തകയുമൊക്കെയാണിതിലെ വിഷയങ്ങൾ. തരിസാ എന്ന സുറിയാനി പദത്തിന്റെ അർത്ഥം നേരെയുള്ളത് സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസം എന്നിങ്ങനെയൊക്കെയാണ്. ഇതു നല്കുന്നത് ഒരു വ്യക്തിക്കല്ല, ഒരു സമൂഹത്തിനാണെന്നു വ്യക്തമാക്കുന്ന തെളിവുകൾ ഇതിൽത്തന്നെയുണ്ട്. തന്നെയുമല്ല, ഇതിൽ 'മുന്നംപെറ്റുടൈയ' എന്നു രേഖപ്പെടുത്തിയിരിക്കുന്നതിൽനിന്നും ഇതിനുമുൻപ് ഇവർ മറ്റൊരു ചെപ്പേടു സ്വീകരിച്ചിട്ടുമുണ്ട്. "ഇന്നകരം കണ്ടു നീരേറ്റ"ത് എന്ന് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതിനർത്ഥം ഒരു പഴയ രേഖ നല്കിയിട്ടുണ്ടെന്നും എങ്കിൽ മാത്രമാണ് 'മുന്നം പെറ്റുടൈയന' എന്ന പദം ഇവിടെ അർത്ഥപൂർണ്ണമാവുകയുള്ളുവെന്നും രാഘവവാര്യരും, കേശവൻ വെളുത്താട്ടും പറയുന്നു.[8]

അതിനർത്ഥം മുൻപുണ്ടായിരുന്ന ഒരു ചേരചക്രവർത്തി രേഖാമൂലം നല്കിയിട്ടുള്ള 72 വിടുപേറുകളും കച്ചവടക്കുത്തകയും ഇതിലൂടെ പുതുക്കി നല്കുകയാണ്. ഒപ്പം ചില പുതിയ ദാനങ്ങളും ഇതിൽ ഉൾപ്പെടുന്നുവെന്നുമാത്രം. ഇതിനുമുൻപ് ചേരചക്രവർത്തി നല്കിയിട്ടുള്ള മുൻ ആധാരം ക്നായിതൊമ്മൻ ചെപ്പേടല്ലാതെ സമാനമായി നല്കിയിട്ടുള്ള മറ്റൊരു മുൻ ലിഖിതരേഖയുടെ പരാമർശം ചരിത്രത്തിലില്ല. അങ്ങനെ നോക്കുമ്പോൾ ചേരമാൻ പെരുമാൾ വിദേശ കച്ചവടകുത്തകാവകാശം ജൂതക്രൈസ്തവരായ തെക്കും

ഭാഗ സുറിയാനിക്കാർക്കു നല്കിയ ക്നായിത്തൊമ്മൻ ചെപ്പേടിന്റെ പുനഃസ്ഥാപന രേഖയാണിത്. ഈ രേഖയുടെ സ്വീകർത്താവ് മരുവാൻ സപീരിശോ എന്നയാളാണെന്നു രേഖയിൽത്തന്നെയുണ്ട്. പള്ളി പണിയുവാൻ ഭൂമി ദാനംചെയ്യേണ്ടതു മെത്രാന്മാരുടെ പേരിലാണ്. ഇന്നും പള്ളികൾ പണിയുവാൻ മെത്രാന്മാരുടെപേരിൽ സ്ഥലംവാങ്ങുന്ന സുറിയാനിപാരമ്പര്യം നിലനില്ക്കുകയാണ്. അങ്ങനെ നോക്കുമ്പോൾ ഒൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അന്ത്യോഖ്യായിൽ നിന്നെത്തിയ മാർ സാബോർ, മാർ ഫ്രോത്ത് എന്നീ മെത്രാന്മാരിലൂടെ മണിഗ്രാമത്തിനുടയവരായ തെക്കുംഭാഗസുറിയാനിക്കാർക്കുവേണ്ടി എഴുതിക്കൊടുത്ത പട്ടയമാകാനാണു സാദ്ധ്യത. മാർ സാബോർ ഈശോ ലോപിച്ച് മരുവാൻ സപീരിശോ എന്നു രേഖപ്പെടുത്തിയിരിക്കുന്നുവെന്നു മാത്രം. മാർ സാബോർ ഈശോ എന്നായിരിക്കണം അദ്ദേഹത്തിന്റെ പേരിന്റെ പൂർണ്ണരൂപം. ഇവർ ഇരുവരുടെയും നാമത്തിൽ പണിത പള്ളികളുടെ പേരുമാറ്റി സകലവിശുദ്ധന്മാരുടെയും നാമത്തിലാക്കി (കാദീശെ) പ്രതിഷ്ഠിക്കപ്പെടണമെന്ന് ഉദയം പേരൂർ സുന്നഹദോസിന്റെ 8-ാം സമ്മേളനത്തിലെ 25-ാം നിർണ്ണയത്തിൽ ഉണ്ട്.[9] അതിൻപ്രകാരം കൊല്ലം, കായംകുളം ഉദയംപേരൂർ പള്ളികൾ, മോർ ഫ്രോത്തിന്റെ പേരിൽ നിന്നു നീക്കം ചെയ്ത് 'കാദീശ' പള്ളികളായെന്നും കണിയമ്പറച്ചിലച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദയംപേരൂർ സുന്നഹദോസു നടന്ന പള്ളി കന്ദീശായുടെ പേരിലായിരുന്നു.

എന്നാൽ സുറിയാനിക്കാരുടെ ഒരു പേർഷ്യൻ കുടിയേറ്റമുണ്ടായെന്നും അവരുടെ നേതാവായ മരുവാൻ സപീരിശോയ്ക്ക് പട്ടയം നല്കിയെന്നുമുള്ള പല പ്രസ്ഥാവനകളും തെറ്റുധാരണയിൽ നിന്നുണ്ടാവുന്നതും അടിസ്ഥാനമില്ലാത്തതുമാണ്. അക്കാലത്ത് റോഡുകളും യാത്രാസൗകര്യങ്ങളുമില്ലാത്ത സാഹചര്യത്തിൽ സമുദ്രവ്യാപാര കുത്തകക്കാരായ തെക്കുംഭാഗ സുറിയാനിക്കാർ കൊടുങ്ങല്ലൂർനിന്ന് വ്യാപാരത്തിനായി കൊല്ലത്തേയ്ക്കു വന്നത് കപ്പലിലാവാം. അവരുടെ മെത്രാനായിരുന്ന മോർ സാബോർ ഈശോയും ഒപ്പമുണ്ടായിരുന്നിരിക്കണം. ഭാഷയിലും സംസ്കാരത്തിലുമെല്ലാം അന്തർദേശീയ രീതിഭാവങ്ങളുള്ള വ്യാപാരികളായ മണിഗ്രാമക്കാരായ തെക്കുംഭാഗസംഘത്തെ പേർഷ്യൻ സംഘം എന്നു വിളിച്ചതിൽ തെറ്റില്ല. എന്നാൽ അവർ വിദേശത്തുനിന്ന് കൊടുങ്ങല്ലൂർ വന്ന് മുന്നമേ കുടിയേറിവരായിരുന്നുവെന്നും മുൻപിനാലെ ചെപ്പേട് ലഭിച്ചവരായിരുന്നുവെന്നും വിസ്മരിക്കരുതെന്നുമാത്രം. തന്നെയുമല്ല കൊല്ലത്തേയ്ക്ക് ഒരു വിദേശകുടിയേറ്റത്തിന്റെ നാട്ടുവഴക്കങ്ങളോ വായ്മൊഴികളോ നിലവിലില്ലതാനും. ഏറ്റവും ശ്രദ്ധേയമായ കാര്യം ഇവർക്ക് മുൻചേരചക്രവർത്തി നല്കിയ അവകാശരേഖകളുടെ പിൻതുടർച്ചയാണിതെന്ന് തരിസാപ്പള്ളിപ്പട്ടയത്തിൽത്തന്നെ വ്യക്തമാക്കുന്നുമുണ്ട്.

### വ്യവസായ കുത്തക

തരിസാപ്പള്ളി ചെപ്പേടിലെ മറ്റൊരു പ്രധാന ദാനം വ്യവസായത്തിലുള്ള കുത്തകയാണ്. കടൽത്തീരത്തെ ആഴമില്ലാത്ത അഴികളിലൂടെ വേലിയേറ്റത്തിൽ കയറുന്ന കടൽവെള്ളത്തെ കെട്ടിനിറുത്തിയാൽ ആ കടൽജലം വെയിലേറ്റു വറ്റുമ്പോൾ ഉപ്പ് ഖനനം ചെയ്യാനുതകുന്ന സൗകര്യം കൊല്ലത്തുണ്ടായിരുന്നുവെന്നതിന്റെ സൂചനകൾ ഈ പട്ടയത്തിലുണ്ട്. അങ്ങനെ ഉപ്പു ഖനനം ചെയ്യുവാനുള്ള കുത്തകയും സുറിയാനിക്കാർക്കു നല്കുന്നു. തുറമുഖപട്ടണങ്ങളിൽ ഉപ്പിന്റെ ആവശ്യം ഏറെയാണ്. ശീതീകരണ സംവിധാനം കണ്ടുപിടിക്കുന്നതിനു മുൻപുള്ള അക്കാലത്ത് നാവികർക്ക് മാസങ്ങൾനീണ്ടു നില്ക്കുന്ന കപ്പൽയാത്രയിൽ ഇറച്ചിയും മീനും മറ്റ് ഭക്ഷ്യവസ്തുക്കളും സംസ്കരിച്ചു സൂക്ഷിക്കുന്നതിനും കപ്പലിന്റെ കേവുഭാരം നിയന്ത്രിക്കുന്നതിനുമെല്ലാം ഒഴിവാക്കാനാവാത്ത വസ്തുവാണിത്.

ഭൂമിയോടൊപ്പം 'ഇരുണ്ടുകൂടി എരുവിയരേയും' (രണ്ടുകുടി ഉപ്പുവിളയിക്കുന്നവർ) സുറിയാനിക്കാർക്കു നല്കുന്നു. വ്യാവസായിക ആവശ്യത്തിനാണ് എരുവിയരെ നല്കുന്നതെന്നു വ്യക്തം.

### ഭൂമിയോടൊപ്പം ദാനം ലഭിച്ച ആളടിമകൾ

'നാലുകൂടി ഈഴവരും ആ കുടികളിലെ എട്ട് ഈഴക്കയ്യരും (ഈഴവരുടെ കീഴിൽ ജോലിചെയ്തിരുന്ന പടുപണിക്കാർ) ഒരു വർണ്ണാർക്കുടിയും (അലക്കുകാരാവാം, ഒരു പക്ഷേ പടവുപണിക്കാരുമാവാം (Masons). ഇങ്ങനെയുള്ള ആൾ അടിമകളും നാലുകുടി വെള്ളാളരേയും ഭൂമിയോടൊപ്പം ഈ പട്ടയം വാങ്ങുന്ന സുറിയാനിക്കാർക്കു കൊടുക്കുന്നു. അക്കാലത്ത് ഭൂമിയോടൊപ്പം ഭൂമിയിൽ ജോലിചെയ്യുന്നവരേയും ചേർത്തു കൈമാറ്റംചെയ്യുന്ന സമ്പ്രദായമുണ്ടായിരുന്നു.

### മറ്റു ദാനങ്ങളും അധികാരങ്ങളും

ഇരവു ചോറുകുടനാഴിയും: രാജപുരുഷന്മാരും ഭടന്മാരും ഒരു ദേശത്തു വന്നു പാർക്കുമ്പോൾ അവർക്കാവശ്യമുള്ള ഭക്ഷണം മുതലായവ ഒരുക്കിക്കൊടുക്കുന്നതിനെയാണ് ഇരവുചോറെന്ന് പറയുന്നത്. വില്ലാർവട്ടം തോമ്മാ രാജവംശത്തിലെ അംഗങ്ങളായെത്തിയ സുറിയാനിക്കാർക്ക് കൊല്ലത്തുവന്നു പാർക്കുമ്പോൾ അവർക്കുയോഗ്യമായ എല്ലാ രാജകീയ അധികാരങ്ങളും നല്കുന്ന നിരവധി പരാമർശങ്ങൾ ഈ ചെപ്പേടിലുണ്ട്. 'കുടനാഴി'യെന്ന് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ഒരു കുടം കള്ളിന് നാഴിക്കള്ള് എന്ന തോതിൽ പിരിക്കുന്ന നികുതിയാണ്.[10] അതേപോലെതന്നെ പ്രദേശവാസികളുടെ തർക്കങ്ങളും വ്യവഹാരങ്ങളും തീർപ്പാക്കുന്നതിനും പിഴ ഈടാക്കുന്നതിനുമുള്ള അധികാരവും ഈ ചെപ്പോടിലൂടെ സുറിയാനിക്കാർക്കു ലഭിക്കുന്നുണ്ട്. ക്നായിതൊമ്മൻ ചെപ്പെടിലെ 72 വിടുപേറുകൾത്തന്നെ ഈ പട്ടയത്തിലും ആവർത്തിക്കുന്നതിൽ നിന്നും ഈ പട്ടയം ക്നായിതൊമ്മൻ ചെപ്പേടിന്റെ തുടർച്ചയാണെന്ന വാദം ശക്തമാവുന്നു.

അഞ്ചുവണ്ണവും മണിഗ്രാമവും വിദേശ വ്യാപാരകുത്തകയുള്ള രണ്ടു വർത്തകസംഘങ്ങളാണെന്നു കണ്ടുവല്ലോ. രാജാവകാശവും ഭൂമിയും ഇവർക്കു ദാനംചെയ്യുകമാത്രമല്ല വ്യാപരത്തിന്റെ വിവിധ നികുതികൾ പിരിക്കുന്നതിനും ഇവരെ അധികാരപ്പെടുത്തുന്നു. രാജാവിനും ചക്രവർത്തിക്കുമുള്ള വെവ്വേറെ നികുതികൾ അളക്കുകയും പിരിക്കുകയും ചെയ്യുന്നതു വർത്തകസംഘത്തിനുമാത്രം കഴിയുന്നതാകയാൽ

അതുമായി ബന്ധപ്പെട്ട ചുമതലകൾ യഥാവിധിചെയ്യുവാൻ മണിഗ്രാമത്തേയും അഞ്ചുവണ്ണത്തേയും ചുമതലപ്പെടുത്തുകയും ചെയ്യുന്നു. കാരാണ്മകൊടുത്താൽ കോപ്പതവാരം രാജഭണ്ഡാരത്തിനും പതിപ്പുവാരം അഞ്ചുവണ്ണത്തിനും മണിഗ്രാമത്തിനും ലഭിക്കുമെന്നും വ്യാവസ്ഥ ചെയ്തിരിക്കുന്നു. നാട്ടുകാരാരും ഈ ഭാഗത്തു ചെല്ലുന്നതുപോലും വിലക്കിയിട്ടുമുണ്ട്. കാരണം വിദേശ വ്യാപാരകുത്തക ഈ രണ്ടു വർത്തക സംഘങ്ങൾക്കു മാത്രമായുള്ളതാണല്ലോ. കേരളചരിത്രത്തിലെ സുപ്രധാനമായ ഒരു രേഖയാണിത്. തെക്കുംഭാഗ സുറിയാനിക്കാർക്ക് വാണിജ്യരംഗത്തുണ്ടായിരുന്ന പങ്കും സമൂഹത്തിലുണ്ടായിരുന്ന ഉന്നത പദവിയും ഈ രേഖയിൽനിന്നു വ്യക്തമാവുന്നു.

**ക്നായിതൊമ്മൻ ചെപ്പേടിന്റെ പിന്തുടർച്ച**

തരിസാപ്പള്ളിപ്പട്ടയം, സിറിയൻ ക്രിസ്ത്യൻ ചെപ്പേടുകൾ എന്നൊക്കെ അറിയപ്പെട്ട രേഖയെ സംബന്ധിച്ചു ഗോപിനാഥറാവു മുതൽക്കിങ്ങോട്ടുള്ള പണ്ഡിതന്മാരൊക്കെ ധരിച്ചിരുന്നത് ഇതു വെവ്വേറെയുള്ള രേഖകളാണെന്നാണ്. തരിസാപ്പള്ളി ഒന്നാം രേഖയെന്നും തരിസാപ്പള്ളി രണ്ടാം രേഖയെന്നും അവർ ഇതിനെ വിളിച്ചു. എന്നാൽ എം. ആർ. രാഘവവാര്യരും കേശവൻ വെളുത്താട്ടും നടത്തിയ വിശദമായ പഠനത്തിൽ ഇതു പൂർണ്ണമായ ഒറ്റരേഖയാണെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇതിനു മൊത്തം ആറു തകിടുകളുള്ളതിൽ അഞ്ചെണ്ണം മാത്രമെ ഇപ്പോഴുള്ളു. ഒരെണ്ണം നഷ്ടപ്പെട്ടിരിക്കുന്നു. കേരളചരിത്രത്തിലേയ്ക്കു വെളിച്ചം വീശുന്ന ലിഖിത രേഖകളായ ചെപ്പേടുകളെല്ലാം പോർത്തുഗീസുകാർ കൈവശപ്പെടുത്തിയിരുന്നു. അവരുടെ കൊച്ചിയിലെ പണ്ടികശാലയിൽ സൂക്ഷിച്ചിരുന്ന പ്രസ്തുത രേഖകൾ പിൽക്കാലത്തുവന്ന ഡച്ചുകാരുടെ അധീനതയിലായി. പിന്നെ ഇംഗ്ലീഷുകാർ ഡച്ചുകാരെ തോല്പിച്ചപ്പോൾ അവ അവരുടെ അധീനതയിലുമായി. കൊച്ചിയിലെ പഴയ പോർത്തുഗീസ് പണ്ടികശാലയിലിരുന്ന രേഖകളായ തരിസാപ്പള്ളിപ്പട്ടയവും, ഇരവികൊർത്തൻ ചെപ്പോടും അർത്താറ്റ് പടിയോലയുമെല്ലാം ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മക്കേള 1806 ൽ കോട്ടയത്തുള്ള മലങ്കരസഭയുടെ പഴസെമിനാരിക്കു കൊടുത്തു. തരിസാപ്പള്ളി, ഇരവികൊർത്തൻ ചെപ്പേടുകളുടെ ഉടമസ്ഥരായ തെക്കുംഭാഗ സുറിയാനി ക്രിസ്ത്യനികൾക്ക് അന്ന് സ്വന്തമായ ഒരു ഭരണസംവിധാനമില്ലാതെ മലങ്കര നസ്രാണികളുടെ ഭാഗമായിക്കഴിഞ്ഞിരുന്നതിനാലാണ് ഈ രേഖകൾ മലങ്കര നസ്രാണികളുടെ അധീനതയിലെത്തിച്ചേർന്നത്. പിന്നീട് മലങ്കര നസ്രാണികളുടെ ഇടയിൽ പിളർപ്പുണ്ടാവുകയും 19-ാം നൂറ്റാണ്ടിൽ മാർത്തോമ്മാ സഭ ആവിർഭവിക്കുകയും ചെയ്തപ്പോൾ തരിസാപ്പള്ളിപ്പട്ടയത്തിന്റെ രണ്ടു തകിടുകൾ തിരുവല്ലയിലുള്ള അവരുടെ ആസ്ഥാനത്തേയ്ക്കു കൊണ്ടുപോയി. പിന്നീട് ഗോപിനാഥ റാവുവാണ് മാർത്തോമ്മാ സഭയുടെ റൈറ്റസ് രണ്ടാമൻ മെത്രാപ്പോലീത്തായുടെ കാലത്ത് മെത്രാന്റെ വാസസ്ഥലത്തുനിന്നും ഈ രണ്ടു തകിടുകൾ കണ്ടെടുത്തത്.

തരിസാപ്പള്ളി പട്ടയത്തിന്റെ 4-ാം ഏടിലെ രണ്ടാം പുറം (രേഖയിലെ 79-ാം വരി) അവസാനിക്കുന്നത് 'വിചൈയ...'എന്ന അപൂർണ്ണതയിലാണ്. ഇവിടെ ചെപ്പേട് അവസാനിക്കുകയില്ല. അതിനുശേഷമുള്ള ഭാഗം വിവരിക്കുന്ന ഒരില ചെപ്പേടിൽനിന്നും നഷ്ടപ്പെട്ടിരിക്കുവാൻ സാദ്ധ്യതയുണ്ട്.[11] നഷ്ടപ്പെട്ടുപോയ ഈ അഞ്ചാമത്തെ ഇലയുടെ അന്വേഷണം നടത്തിയ ഡോ. രാഘവ വാര്യർ ഒരു സുപ്രധാന തെളിവ് നല്കുന്നുണ്ട്. അദ്ദേഹത്തിന്റെ വിശദീകരണമനുസരിച്ച്

'1758 ൽ ഇന്ത്യയിൽ വന്ന് ഇന്ത്യയുടെ പൈതൃകങ്ങളെക്കുറിച്ച് പല പഠനങ്ങളും നടത്തിയ ആങ്ക്തിൽ ദ്യു പെറോ എന്ന ഫ്രെഞ്ചുപണ്ഡിതൻ നല്കിയ വിവരണങ്ങൾ ശ്രദ്ധേയമാണ്. അദ്ദേഹം ഇന്ത്യയിൽ നടത്തിയ യാത്രകളെയും അവിടെനിന്നു നേടിയ വിജ്ഞാനസാമഗ്രികളെയും കുറിച്ച് വിസ്തരിച്ചു പറയുന്ന കൂട്ടത്തിൽ കൊച്ചിയിലെ ജൂതപ്പട്ടയത്തിന്റെ വ്യക്തമായ ഒരു പകർപ്പു കൊടുക്കുകയും സെന്റ് തോമസ് ക്രിസ്ത്യാനികൾക്ക് ലഭിച്ച വിശേഷാവകാശങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയതായി പറയുകയും ചെയ്യുന്നുണ്ട്. അന്ന് നാട്ടിലെ ഒരു ക്രിസ്ത്യൻ പാതിരി 'കോലെഴുത്തു' ലിപിയിലുള്ള കൊല്ലം ചെപ്പേടുകളുടെ "ആര്യ"ലിപിയിലുള്ള ഒരു പകർപ്പും "സംസ്കൃതത്തിലുള്ള" ഒരു വിവർത്തനവും തനിക്ക് തന്നതായും "അത് ആധികാരികമാണ്" എന്ന് ബിഷപ്പ് തിരുമേനി സാക്ഷ്യപ്പെടുത്തിയതായും ദ്യു പെറോ പറയുന്നു. ഈ പാതിരിതന്നെ ഇതിനെ പോർച്ചുഗീസിലേക്കും അവിടുന്ന് അതിനെ ദ്യു പെറോ ഫ്രെഞ്ചിലേക്കും വിവർത്തനം ചെയ്തു."നാലു ചെമ്പോലക"ളിലുള്ള പട്ടയത്തിന്റെ ഉള്ളടക്കം ദ്യു പെറോ ഉദ്ധരിക്കുന്നുണ്ട്. ഈ ഫ്രെഞ്ചു വിവർത്തനം അന്നത്തെ നിലക്ക് സാമാന്യം ആധികാരികമാണ്. എന്നാൽ പശ്ചിമേഷ്യൻ ഭാഷകളിലും ലിപികളിലും ഉള്ള ഒപ്പുകളടങ്ങിയ ഏട് ദ്യു പെറോ തീരെ വിട്ടുകളഞ്ഞിരിക്കുന്നു. അതിനെക്കാൾ പ്രധാനമായ മറ്റൊരു വസ്തുതയുണ്ട്. നാലാമത്തെ ഏട്ടിന്റെ അവസാനത്തിനുശേഷം തന്റെ കയ്യിലുണ്ടായിരുന്ന സംസ്കൃതവിവർത്തനത്തെ ആധാരമാക്കി നാട്ടുകാരായ ചില സാക്ഷികളുടെ പേരും തോമസ് കാനക്ക് ലഭിച്ചതെന്നു പറയുന്ന ഒരു പട്ടയത്തിന്റെ ചുരുക്കവും അദ്ദേഹം കൊടുക്കുന്നുണ്ട്. "മൂന്നംപള്ളിയാർ പെറ്റുടൈയ വാരക്കൊലും പഞ്ചക്കണ്ടിയും" എന്ന് പട്ടയത്തിൽ സൂചിപ്പിച്ചിരിക്കുന്നത് ഇതിനെയാണോ? അതേതായാലും ആങ്ക്തിൽ ദ്യു പെറോ നടത്തിയ പരിശ്രമം പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ പല യൂറോപ്യന്മാരും നടത്തിയതിന്റെ സ്വഭാവങ്ങൾ പങ്കുവെയ്ക്കുന്നു.[12]

നഷ്ടപ്പെട്ട ഈ ചെമ്പോലയിൽ ക്നായിതൊമ്മൻ ചെപ്പേടിന്റെ രത്നചുരുക്കം രേഖപ്പെടുക്കിയിരിക്കുന്നുവെന്ന ദ്യു പെറോയുടെ പരാമർശം വെളിവാക്കുന്നത് തിരുസാപ്പള്ളി പട്ടയം ക്നായിത്തൊമ്മൻ ചെപ്പേടിന്റെ പിന്തുടർച്ചയാണെന്നാണ്. അങ്ങനെ നോക്കുമ്പോൾ ഈ രേഖയിൽത്തന്നെയുള്ള 'മൂന്നം പെറ്റുടെയന' അർത്ഥപൂർണ്ണമാവും. തരിസാപ്പള്ളിപ്പട്ടയം തെക്കുംഭാഗ സുറിയാനിക്കാർക്ക് മുൻപു നല്കിയ ക്നായിത്തൊമ്മൻ ചെപ്പേടിന്റെ തുടർച്ചയാണെന്നു സാരം.

തരിസാപ്പാള്ളി പട്ടയത്തിനു മുൻപ് ചേരചക്രവർത്തി നല്കിയ പട്ടയം ക്നായിത്തൊമ്മൻ ചെപ്പേടു മാത്രമാണ്. അല്ലാതെ മറ്റൊരു രേഖയെക്കുറിച്ചും ചരിത്രത്തിൽ പരാമർശങ്ങളില്ലെന്നതു വിസ്മരിക്കാനാവില്ല.

**Reference**


1. A. Sreedhara Menon : Cultural Heritage of Kerala – Page 152
2. Dr. Skariah Zachariah : Udayamperoor Sunnahadosinte Kanonakal – Page 25.
3. A.M. Mundadan : History of Christianity in India Vol. I, Church History Association of India, Bangalore 1984 – Page 163. Joseph Chazhikkadan : The Syrian Colonisation of Malabar 2nd Edition : Page 185
4. A. Sreedhara Menon : Cultural Heritage of Kerala – Page 27
5. William Logan : Malabar Manuel Vol. I. – Page 183.
6. Rev. Dr. Kurian Kaniyamparambil : Suriyani Sabha 1st Edition – Page 117
7. ibid Page 117
8. Dr. M.R. Raghava Varriar, Dr. Kesavan Veluthatt Tharisapally Pattayam 1st Edition SPCS, Kottayam – Page 117
9. Dr. Skariah Zachariah : Udayamperoor Sunnahadosinte Kanonakal (1994) – Page 220
10. Dr. M.R. Raghava Varriar, Dr. Kesavan Veluthatt Tharisapally Pattayam 1st Edition SPCS, Kottayam – Page 117
11. ibid Page 118
12. ibid Page 94 - 95